സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്പർ 315/2007 നവംബർ 29, 2007

കർത്താവിൽ നമ്മുടെ വാൽസ്സല്യവാന്മാരായ വൈദികർക്ക് വാഴ്‌വ്!

പ്രിയരെ,

നിങ്ങളുടെ ക്ഷേമം ആരാഞ്ഞുകൊണ്ട് സ്നേഹപൂർവ്വം നാം അറിയിക്കുന്നത്: പ. സഭയുടെ ക്രമീക്രതമായ ഭരണനിർവ്വഹണത്തിനുവേണ്ടി പിതാക്കന്മാർ ചിട്ടപ്പെടുത്തിയതും, ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ ഭരണഘടനയാണല്ലോ 1934- ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാഭരണഘടന. കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന ഭേദഗതികൾ നടപ്പിൽ വരുത്തുവാനുള്ള അവകാശം ഭരണഘടനയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, പ്രിയന്റെ ഇടവക ശുശ്രൂഷയുടെയും, പ്രായോഗിക അനുഭവത്തിന്റെയും പശ്ചാത്തലത്തിൽ നിലവിലുള്ള ഭരണഘടനയിൽ ഭേദഗതികൾ ആവശ്യമാണെന്ന് തോന്നുന്ന വകുപ്പുകൾ ഉണ്ടെങ്കിൽ ആയത് നമ്മെ അറിയിക്കുന്ന പക്ഷം ഭരണഘടനാ ഭേദഗതികൾക്കായുള്ള **റൂൾ കമ്മറ്റി**യുടെ പഠനത്തിനായി നൽകുന്നതാണ്. നിലവിലുള്ള വകുപ്പ്, അതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട്, ഭേദഗതി നിർദ്ദേശങ്ങൾ എന്നിവ വ്യക്തമായി എഴുതിയിരിക്കണം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**